പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5946

30.07.2015 ൽ
മറുപടിയ്ക്ക്

## ഭാരത് ദർശൻ യാത്ര

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.കെ.ബാലൻ | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ എസ്.റ്റി. വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്കായി ഭാരത് ദർശൻ യാത്ര നടത്തിയിരുന്നോ ; ഉണ്ടെങ്കിൽ, യാത്രയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | എ) | ആദ്യ പട്ടികവർഗ്ഗ ഭാരത ദർശൻ 2013 നവംബർ 22 മുതൽ 26 വരെ സംഘടിപ്പിച്ചു. 22 -ാം തീയതി കോഴിക്കോട് നിന്ന് വിമാനമാർഗ്ഗം ഡൽഹിയിൽ എത്തുകയും തുടർന്ന് ഡൽഹിയിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു. തുടർന്ന് അമൃതസർ, വാഗാ ബോർഡർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ച ശേഷം 26 -ാം തീയതി തിരുവനന്തപുരത്ത് തിരിച്ചെത്തി. രണ്ടാമതായി 2014 നവംബർ 19 മുതൽ 25 വരെയുള്ള തീയതികളിലാണ് ഭാരത്ദർശൻ യാത്രാ പരിപാടി സംഘടിപ്പിച്ചത്. 19-ാം തീയതി തിരുവനന്തപുരത്ത് നിന്നും യാത്ര തിരിച്ച് കൽക്കട്ടയിൽ എത്തുകയും 20, 21 തീയതികളിൽ കൽക്കട്ടയിലെ വിവിധ സ്ഥലങ്ങളായ ഹൗറ ബ്രിഡ്ജ്‌പാലം, വിവേകാനന്ദ സേതു, ദക്ഷിണേശ്വർ ടെമ്പിൾ, ടാഗോർ ഹൗസ്, സയൻസ് സിറ്റി, സെന്റ് പോൾ കത്തീഡ്രൽ ചർച്ച്, വിക്ടോറിയ മെമ്മോറിയൽ ഹാൾ & മ്യൂസിയം, ഇൻഡ്യൻ മ്യൂസിയം, മദർ ഹൗസ്, റൈറ്റേഴ്സ് ബിൽഡിംഗ്, ഈഡൻ ഗാർഡൻ, കൽക്കട്ട പനോരമ എന്നീ ചരിത്ര പ്രസിദ്ധങ്ങളായ സ്ഥലങ്ങൾ സന്ദർശിച്ച ശേഷം 22 -ാം തീയതി കൽക്കട്ടയിൽ നിന്നും കാഠ്മണ്ഡുവിലെത്തുകയും അവിടെ ഗോഹേശ്വരി ടെമ്പിൾ, സ്വയം ഭൂനാഥ ക്ഷേത്രം, പശുപതി ടെമ്പിൾ, ബുദ്ധ ക്ഷേത്രങ്ങൾ തുടങ്ങിയ ചരിത്ര പ്രസിദ്ധങ്ങളായ സ്ഥലങ്ങൾ സന്ദർശിച്ച് 25 -ാം തീയതി യാത്ര സംഘം തിരിച്ചെത്തുകയും ചെയ്തു. |
| ബി) എത്ര എസ്.റ്റി. യുവതി യുവാക്കൾ യാത്രയിൽ പങ്കെടുത്തു; എത്ര ഉദ്യോഗസ്ഥർ യാത്രയിൽ പങ്കെടുത്തു ; ആരെല്ലാമായിരുന്നു | ബി) | എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 19 പേരും ഉദ്യോഗസ്ഥരായ 5 പേരും ഭാരത ദർശൻ യാത്ര പരിപാടിയിൽ പങ്കെടുത്തു. ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർ ; യാത്രക്കുള്ള ഭരണാനുമതി എപ്പോഴാണ് ലഭിച്ചത് ; എന്നായിരുന്നു യാത്ര ; | | 1. ശ്രീമതി. അന്നമ്മ,<br>ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി.<br>2. ശ്രീമതി. സുമ,<br>ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി.<br>3. ശ്രീ. കെ. രാധാകൃഷ്ണൻ നായർ<br>മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്.<br>4. ശ്രീ. സതീഷ് കുമാർ. എസ്.വി,<br>ക്ലാർക്ക്, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്.<br>5. ശ്രീ. സജികുമാർ.എസ്,<br>ക്ലാർക്ക്, കേരള സംസ്ഥാനയുവജനക്ഷേമ ബോർഡ്.<br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് യാത്രക്കുള്ള ഭരണാനുമതി നൽകിയത് 30.12.2014 ന് ആയിരുന്നു. എസ്.റ്റി. ഭാരത് ദർശൻ യാത്ര സംഘടിപ്പിച്ചത് 2014 നവംബർ 19 മുതൽ 25 വരെയാണ്. |
| സി) | യാത്രാനുമതി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംഘം യാത്ര ചെയ്തിട്ടുണ്ടോ; എത്ര തുകയാണ് യാത്രക്കായി നീക്കിവച്ചിരുന്നത്; എത്ര തുകയാണ് യാത്രയ്ക്ക് ചെലവായത്; | സി) | 2014 വർഷത്തിൽ കാശ്മീർ, ഷിംല, എന്നീ സ്ഥലങ്ങൾ സന്ദർശിക്കുവാനാണ് തീരുമാനിച്ചിരുന്നത്. ആ വിവരം സർക്കാരിനെ അറിയിക്കുകയും ഭരണാനുമതി തേടുകയും ചെയ്തിരുന്നു. എന്നാൽ യാത്ര പരിപാടിയുടെ സംഘാടനവുമായി മുന്നോട്ടുപോയ വേളയിലാണ് സന്ദർശിക്കാൻ ഉദ്ദേശിച്ച കാശ്മീരിലെ സ്ഥലങ്ങൾ, പ്രകൃതിക്ഷോഭത്തിൽപ്പെട്ട് തകർന്നതിൽ നിന്നും മോചിതരായി വരുന്നതേയുള്ളു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. മാത്രമല്ല നവംബർ മാസത്തിൽ കാശ്മീർ, ഷിംല എന്നീ സ്ഥലങ്ങളിൽ അതിശൈത്യമായതിനാൽ യാത്ര ദുഷ്കരമാകുമെന്നും മനസ്സിലാക്കിയതിനാൽ യാത്ര പരിപാടി മറ്റൊരു കേന്ദ്രത്തിലേയ്ക്ക് മാറ്റുവാൻ ആലോചിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 06.11.2014 ന് ചേർന്ന കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യോഗത്തിന് മുമ്പാകെ ഈ വിഷയം അവതരിപ്പിക്കുകയും കാശ്മീർ, ഷിംല എന്നീ സ്ഥലങ്ങൾക്ക് പകരം കൽക്കട്ട, കാഠ്മണ്ഡു എന്നീ സ്ഥലങ്ങൾ സന്ദർശിക്കുവാൻ അനുമതി |

തേടുകയും പ്രസ്തുത ബോർഡ് യോഗം അനുമതി നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. എസ്.റ്റി. ഭാരത് ദർശൻ പരിപാടിയ്ക്കായി 10 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പരിപാടിയ്ക്കായി 14,75,723/- രൂപ ചെലവഴിച്ചു. യാത്ര പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞ ഉടൻ തന്നെ അധികമായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അടക്കമുള്ള വരവ് ചെലവ് കണക്കുകൾ സാധൂകരിക്കുന്നതിനായി 06.02.15 – ന് ചേർന്ന 10 -ാമത് ബോർഡ് യോഗത്തിന് മുൻപാകെ സമർപ്പിക്കുകയും വരവ് ചെലവ് കണക്കുകൾ ബോർഡ് യോഗം സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| ഡി) സംഘത്തിൽ യാത്ര ചെയ്ത യുവതി യുവാക്കളെയും ഉദ്യോഗസ്ഥരെയും തെരെഞ്ഞെടുത്ത മാനദണ്ഡം വ്യക്തമാക്കുമോ ? | ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18 നും 40 നും മദ്ധ്യേ പ്രായമുള്ള ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ യുവജനങ്ങളെയാണ് പ്രതിനിധികളായി തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് 18 നും 40 നും മദ്ധ്യേ പ്രായമുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും അവിടുന്ന് ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു.<br>പരിചിതമല്ലാത്ത അന്യ സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ സ്ത്രീകൾ ഉൾപ്പടെയുള്ള യാത്രാ അംഗങ്ങൾക്ക് സുരക്ഷിതത്വത്തിനും, യാത്രയിൽ ഉടനീളം അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമായി വിവിധ സംസ്ഥാനങ്ങളിൽ വച്ച് നടന്ന നാഷണൽ യുവോത്സവം പോലുള്ള പരിപാടികളിൽ കേരള ടീമിനെ നയിച്ച പരിചയ സമ്പന്നരും ഭാഷാ പ്രാവീണ്യം ഉള്ളവരുമായ ഉദ്യോഗസ്ഥരെയാണ് യാത്രയിൽ ഉൾപ്പെടുത്തിയത്. |

സെക്ഷൻ ഓഫീസർ